കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) 58897 (1-7-1975 മുതൽ 31-10-1976 വരെ).

(ബി) മേൽപറഞ്ഞ കാലയളവിൽ പണിമുടക്കുമൂലം 58866 പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

ട്രാൻസ്പോർട്ട് കോർപ്പറേഷൻ ക്യാൻസൽ ചെയ്ത ഷെഡ്യൂളുകൾ

* 48. [75] ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പ്രതിദിനം ശരാശരി എത്ര ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട് ;

(ബി) ഏറ്റവും കൂടുതൽ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിരിക്കുന്ന ജില്ല ഏതാണ് ;

(സി) യാത്രക്കാരുടെ ബാഹുല്യത്തേയും സൗകര്യങ്ങളേയും കണക്കിലെടുത്ത് സർവ്വീസുകൾ ചിട്ടയായും നിഷ്ഠയായും നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) പ്രതിദിനം ശരാശരി 16,574 ട്രിപ്പുകൾ ഓപ്പറേറ് ചെയ്യാനുള്ളതിൽ ശരാശരി 1,421 ട്രിപ്പുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്.

(ബി) മൂവാറ്റുപുഴ സബ് ഡിപ്പോ.

(സി) യാത്രക്കാരുടെ ബാഹുല്യത്തേയും സൗകര്യത്തേയും കണക്കിലെടുത്ത് സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള എല്ലാ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

ട്രാൻസ്പോർട്ട് കോർപ്പറേഷൻ വാങ്ങിയിട്ടുള്ള ടയറുകൾ

* 49. [76] ശ്രീ. ഒ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1976-77 സാമ്പത്തികവർഷത്തിൽ നവംബർ 30-ാം തീയതി വരെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എത്ര ടയർ വാങ്ങി ;

(ബി) ഏതെല്ലാം കമ്പനികളുടെ ടയറുകളാണ് കോർപ്പറേഷൻ വാങ്ങിയിട്ടുള്ളത് ;

(സി) ഈ കമ്പനികളിൽ ഗവൺമെന്റിനോ കോർപ്പറേഷനോ ഷെയറുള്ള കമ്പനികൾ ഏതൊക്കെയാണ് ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 9.00 x 20 സൈസ് 13,000 ഉം 8.25 x 20 സൈസ് 700 എണ്ണവും.

(ബി) ഈ കാലഘട്ടത്തിൽ കോർപ്പറേഷൻ താഴെ പറയുന്ന കമ്പനികളിൽ നിന്നും ടയറുകൾ വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly